"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - കേരള മുനിസിപ്പൽ കോമൺ സർവ്വീസ് - ജീവനക്കാര്യം - പയ്യന്നൂർ നഗരസഭയിൽ സീനിയർ പബ്ലിക് ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-1 തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീ ഷിബു.പി. ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത ഒ.എ(ഇകെഎം) 1185/2024 നമ്പർ കേസിലെ 07.01.2025 തീയതിയിലെ ഉത്തരവ് - നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ഇയു) വകുപ്പ്**

സ.ഉ.(സാധാ) നം.500/2025/LSGD തീയതി,തിരുവനന്തപുരം, 18-02-2025

---

പരാമർശം:-

1. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 22.08.2024 തീയതിയിലെ LSGD/PD/28144/2024-DEB5 നമ്പർ ഉത്തരവ്(അനക്ഷർ എ9).
2. ശ്രീ ഷിബു.പി. ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത ഒ.എ(ഇകെഎം) 1185/2024 നമ്പർ കേസിലെ 07.01.2025 തീയതിയിലെ ഉത്തരവ്
3. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 27.01.2025 തീയതിയിലെ LSGD/PD/4328/2023-DEB5 നമ്പർ ഉത്തരവ്.
4. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 15.02.2025 തീയതിയിലെ LSGD/PD/33355/2024-LL2 നമ്പർ കത്ത്.

**ഉത്തരവ്**

തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ പരാമർശം 1 ഉത്തരവിനെതിരേ പയ്യന്നൂർ നഗരസഭയിൽ സീനിയർ പബ്ലിക് ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-1 തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീ ഷിബു.പി. ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത ഒ.എ(ഇകെഎം) 1185/2024 നമ്പർ കേസിലെ വാദങ്ങൾ പ്രകാരം ബ്രഹ്മപുരം മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട ടാസ്ക് ഫോഴ്സ് രൂപീകരണത്തിന്റെ ഭാഗമായി കൊച്ചി നഗരസഭയിൽ സേവനമനുഷ്ഠിച്ചിരുന്ന ടിയാനെ സർക്കാർ ഉത്തരവ് പ്രകാരം തൃശ്ശൂർ നഗരസഭയിലേക്ക് സ്ഥലംമാറ്റി നിയമിച്ചിരുന്നതായും എന്നാൽ തൃശ്ശൂർ നഗരസഭയിൽ സീനിയർ പബ്ലിക് ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-1 തസ്തികയിൽ ഒഴിവില്ലായിരുന്നതിനാൽ ടിയാൾക്ക് ജോലിയിൽ പ്രവേശിക്കാനായില്ലായെന്നും തുടർന്ന് 2023 ലെ പൊതുസ്ഥലംമാറ്റത്തിൽ ചേർത്തല നഗരസഭയിൽ നിയമിച്ചതായും എന്നാൽ ടി നഗരസഭയിൽ സീനിയർ പബ്ലിക് ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-1 തസ്തികയിൽ ഒഴിവില്ലായിരുന്നതിനാൽ ടിയാനെ പയ്യന്നൂർ നഗരസഭയിൽ നിയമിച്ചതായും അറിയിക്കുന്നു.

വൈക്കം നഗരസഭയിലോ കൊച്ചി നഗരസഭയിലോ നിയമിക്കണമെന്ന ടിയാന്റെ അപേക്ഷ പ്രിൻസിപ്പൽ ഡയറക്ടർ പരിഗണിച്ചിരുന്നില്ലായെന്നും തുടർന്ന് 2024ലെ സ്ഥലംമാറ്റത്തിലും കൊച്ചി നഗരസഭയിലെ ഒഴിവിൽ പരിഗണിച്ചിട്ടില്ലായെന്നും തന്റെ ഇക്കാര്യത്തിലുള്ള അപേക്ഷ നിരസിച്ചതായും പരാതിപ്പെടുന്നു. ആയതിനാൽ തന്റെ അപേക്ഷ നിരസിച്ച പ്രിൻസിപ്പൽ ഡയറക്ടറുടെ അനക്ഷർ എ9 ഉത്തരവ് റദ്ദ് ചെയ്യണമെന്നും തനിക്ക് അനുയോജ്യമായ നിയമനം നൽകണമെന്നും കൊച്ചി നഗരസഭയിൽ പരിഗണിക്കണമെന്നും അപേക്ഷിച്ചിരുന്നു.

2. ഒ.എ(ഇകെഎം) 1185/2024 നമ്പർ കേസിലെ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 07.01.2025 തീയതിയിലെ ഉത്തരവ് പ്രകാരം കൊച്ചിൻ കോർപ്പറേഷനിലേക്ക് മാറ്റം നൽകുന്നതിനുള്ള അപേക്ഷകന്റെ വാദങ്ങളിലെ എല്ലാ വശങ്ങളും പരിഗണിക്കാനും അനുബന്ധം A4-ൽ ഉത്തരവിട്ട പ്രകാരം അപേക്ഷകന് സൗകര്യപ്രദമായ പോസ്റ്റിംഗ് നൽകുന്നതിനുള്ള ഉത്തരവുകൾ നൽകാനും ഒന്നാം എതിർകക്ഷിയായ സർക്കാരിനോട് നിർദ്ദേശിച്ചു. കൂടാതെ ബ്രഹ്മപുരം ഖരമാലിന്യ സംസ്കരണ പ്ലാന്റിൽ ടാസ്ക് ഫോഴ്സ് രൂപീകരിച്ചതിന്റെ ഭാഗമായി ആണ് അപേക്ഷകനെ കൊച്ചി കോർപ്പറേഷനിൽ നിന്ന് സ്ഥലം മാറ്റിയത് എന്നതും, ഭരണപരമായ കാരണങ്ങളാൽ തസ്തിക ലഭിക്കാതെ കാത്തിരിക്കേണ്ടി വന്നതാണെന്നും കൊച്ചി കോർപ്പറേഷനിലേക്ക് തിരികെ സ്ഥലം മാറ്റാനുള്ള ടിയാന്റെ അവകാശവാദം പരിഗണിക്കുമ്പോൾ മേൽപ്പറഞ്ഞ കാലയളവ് കൂടി കണക്കാക്കണമെന്നുള്ള അപേക്ഷകന്റെ വാദവും പരിഗണിക്കണമെന്നും ഉത്തരവിന്റെ പകർപ്പ് ലഭിച്ച തീയതി മുതൽ ഒരു മാസത്തിനുള്ളിൽ ഇക്കാര്യത്തിൽ തീരുമാനമെടുക്കണമെന്നും നിർദ്ദേശിച്ചിരുന്നു.

3. ഇക്കാര്യത്തിൽ പ്രിൻസിപ്പൽ ഡയറക്ടറുടെ പരാമർശം 4 റിപ്പോർട്ട് പ്രകാരം കൊച്ചി നഗരസഭയിൽ സീനിയർ പബ്ലിക് ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-2 തസ്തികയിൽ സേവനമനുഷ്ഠിച്ച വരവെ ശ്രീ ഷിബു.പി.യെ സീനിയർ പബ്ലിക് ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-1 തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകി നിയമിച്ചിരുന്നതായും ടി ഉത്തരവിൽ സ്ഥാനക്കയറ്റം തികച്ചും താൽകാലികവും, വരുന്ന പൊതുസ്ഥലംമാറ്റത്തിൽ ക്യൂ ലിസ്റ്റ് പ്രകാരം അർഹരായ ജീവനക്കാർക്ക് സ്ഥലംമാറ്റം അനുവദിക്കുന്നതിലേക്കായി പുനഃപരിശോധനക്ക് വിധേയമായിരിക്കുമെന്ന് വ്യക്തമാക്കിയിരുന്നതായും അറിയിക്കുന്നു. തുടർന്ന് ബ്രഹ്മപുരം മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട ടാസ്ക് ഫോഴ്സ് രൂപീകരണത്തിന്റെ ഭാഗമായി കൊച്ചി നഗരസഭയിൽ സേവനമനുഷ്ഠിച്ചിരുന്ന ശ്രീ ഷിബു പി യെ 26.04.2023 ലെ സർക്കാർ ഉത്തരവ് പ്രകാരം തൃശ്ശൂർ നഗരസഭയിലേക്ക് സ്ഥലംമാറ്റി നിയമിച്ചിരുന്നു. എന്നാൽ തൃശ്ശൂർ നഗരസഭയിൽ സീനിയർ പബ്ലിക് ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-1 തസ്തികയിൽ ഒഴിവില്ലായിരുന്നതിനാൽ ടിയാന്റെ ലീൻ കൊച്ചി നഗരസഭയിൽ തന്നെ തുടർന്നു വന്നിരുന്നതായും തുടർന്ന് 2023 ലെ പൊതുസ്ഥലംമാറ്റ നടപടികൾ ആരംഭിക്കുകയും 2023 ലെ പൊതുസ്ഥലംമാറ്റത്തിൽ ടിയാനേക്കാൾ അർഹരായ ജീവനക്കാർക്ക് കൊച്ചി നഗരസഭയിൽ സ്ഥലംമാറ്റം അനുവദിക്കുന്നതിന് വേണ്ടി ടിയാനെ ചേർത്തല നഗരസഭയിലേക്ക് സ്ഥലംമാറ്റി നിയമിച്ചിരുന്നതായും, തുടർ പരിശോധനയിൽ ചേർത്തല നഗരസഭയിൽ ടിയാനെ ജോലിയിൽ പ്രവേശിപ്പിക്കുന്നതിന് ഒഴിവില്ലാത്ത സാഹചര്യത്തിൽ ടിയാനെ കണ്ണൂർ ജില്ലയിലെ പയ്യന്നൂർ നഗരസഭയിലേക്ക് സ്ഥലംമാറ്റി നിയമിച്ചിരുന്നതായും അറിയിക്കുന്നു.

4. വൈക്കം നഗരസഭയിലേക്കോ, കൊച്ചി നഗരസഭയിലേക്കോ സ്ഥലംമാറ്റം അനുവദിക്കണമെന്നാവശ്യപ്പെട്ട് കൊണ്ട് ശ്രീ ഷിബു പി ബഹു കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുവാകെ ഫയൽ ചെയ്ത OA (EKM) 903/2024 നമ്പർ കേസിന്മേൽ പുറപ്പെടുവിച്ച വിധിന്യായത്തിൽ വൈക്കം നഗരസഭയിലേക്കോ, കൊച്ചി നഗരസഭയിലേക്കോ

സ്ഥലംമാറ്റം അനുവദിക്കണമെന്ന അപേക്ഷകന്റെ ആവശ്യം പരിഗണിക്കുവാൻ സാധിക്കുമോ എന്ന് പരിശോധിക്കുന്നതിന് നിർദ്ദേശിച്ചിരുന്നതിന്റെ അടിസ്ഥാനത്തിൽ 2024 ലെ പൊതുസ്ഥലംമാറ്റത്തിൽ ടിയാൻ അപേക്ഷിച്ചിട്ടുള്ള സ്ഥലങ്ങളിൽ ഒഴിവ് നിലവിലുണ്ടാകുന്ന മുറക്ക് 2024 ലെ പൊതുസ്ഥലംമാറ്റ മാനദണ്ഡങ്ങൾക്ക് വിധേയമായി സ്ഥലംമാറ്റം അനുവദിക്കുന്നതാണെന്ന് ബഹു കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൻറെ വിധിന്യായം നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിച്ചിരുന്നതായി പ്രിൻസിപ്പൽ ഡയറക്ടർ അറിയിക്കുന്നു.

5. ശ്രീ ഷിബു പി യെക്കാൾ ജൂനിയറായ ശ്രീ വിശ്വം.പിക്ക് വൈക്കം നഗരസഭയിലേക്ക് സ്ഥലംമാറ്റം അനുവദിച്ചിരുന്ന നടപടി തെറ്റാണെന്ന് ചൂണ്ടിക്കാട്ടി ടിയാൻ ബഹു കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ OAEKM) 1185/2024 നമ്പരായി വീണ്ടും കേസ് ഫയൽ ചെയ്തിരുന്നു. എന്നാൽ ശ്രീ വിശ്വം. പി-ക്ക് വൈക്കം നഗരസഭയിലേക്ക് സ്ഥലംമാറ്റം അനുവദിച്ചിരുന്നത് അനുകമ്പാർഹമായ കാരണത്താലും കൂടാതെ ശ്രീ ജോയി ഫ്രീ സുദർശനന് സ്ഥലംമാറ്റം അനുവദിച്ചത് ടിയാൻ ശ്രീ ഷിബു പി യേക്കാൾ സീനിയറായതുകൊണ്ടുമാണ്. കൊച്ചി കോർപ്പറേഷനിൽ സീനിയർ പബ്ലിക് ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-1 തസ്തികയിൽ സേവനമനുഷ്ഠിച്ചിരുന്ന ശ്രീ ദീപൻ വി അന്യത്ര സേവനത്തിൽ പ്രവേശിക്കുന്നതിനായി വിടുതൽ ചെയ്തത് കാരണം ഉണ്ടായിട്ടുള്ള ഒഴിവിലേയ്ക്കാണ് ടിയാൻ കൊച്ചി നഗരസഭയിലേയ്ക്ക് സ്ഥലം മാറ്റം ആവശ്യപ്പെട്ടു കൊണ്ട് ബഹു ട്രൈബ്യൂണലിനെ സമീപിച്ചിട്ടുള്ളത് എന്നും അറിയിക്കുന്നു. 2024 ലെ പൊതുസ്ഥലംമാറ്റവുമായി ബന്ധപ്പെട്ട് എറണാകുളം ജില്ലയിലേക്ക് ടിയാനേക്കാൾ അർഹരായ 8 പേർ ക്യൂ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുണ്ട് എന്നും ഇതിൽ കൊച്ചി നഗരസഭയിലേക്ക് സ്ഥലംമാറ്റത്തിനായി അപേക്ഷിച്ചിട്ടുള്ള 6 പേർ ഉണ്ടായിരുന്നതും ഇതിൽ 3 പേർക്ക് സ്ഥലംമാറ്റം ലഭിച്ചിട്ടുള്ളതുമാണ് എന്നും നിലവിൽ കൊച്ചി നഗരസഭയിലേക്ക് സ്ഥലം മാറ്റത്തിനായി അപേക്ഷിച്ചിട്ടുള്ള ടിയാനേക്കാൾ അർഹരായ 3 പേർ അവശേഷിക്കുന്നുണ്ട് എന്നും അറിയിക്കുന്നു. കൊച്ചി നഗരസഭയിലേക്ക് സ്ഥലംമാറ്റം അനുവദിക്കണമെന്ന ടിയാന്റെ ആവശ്യം നിലവിൽ പരിഗണിക്കാൻ കഴിയില്ലായെന്നും സീനിയർ പബ്ലിക് ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-1 തസ്തികയിൽ നിന്നും ക്ലീൻ സിറ്റി മാനേജർ തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകുമ്പോൾ ലഭ്യമാകുന്ന ഒഴിവിൽ കൊച്ചി നഗരസഭയിലേക്ക് സ്ഥലം മാറ്റത്തിനായി അപേക്ഷിച്ചിട്ടുള്ള ടിയാനേക്കാൾ അർഹരായ 3 പേർക്കും ഇവരുടെ മറ്റ് ഓപ്ഷനുകളിലേക്ക് സ്ഥലംമാറ്റം ലഭിച്ചാൽ മാത്രമേ ടിയാനെ കൊച്ചി നഗരസഭയിലേക്ക് പരിഗണിക്കാൻ കഴിയുമായിരുന്നുള്ളൂവെന്നും പ്രിൻസിപ്പൽ ഡയറക്ടർ അറിയിക്കുന്നു. കൂടാതെ ശ്രീ ഷിബു പി യുടെ ഓൺലൈൻ പൊതുസ്ഥലമാറ്റത്തിലെ അർഹത പരിശോധിച്ച് ഒന്നാം ഓപ്ഷൻ ആയ വൈക്കം നഗരസഭയിലേയ്ക്ക് 27.01.2025 തീയതിയിലെ ഉത്തരവ് പ്രകാരം സ്ഥലം മാറ്റി നിയമിച്ചിട്ടുള്ളതുമാണെന്ന വിവരവും പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ട് ചെയ്യുകയുണ്ടായി.

6. സർക്കാർ ഇക്കാര്യം, ഒ.എ(ഇകെഎം) 1185/2024 നമ്പർ കേസുമായി ബന്ധപ്പെട്ട ശ്രീ ഷിബു.പി.യുടെ വാദങ്ങളുടേയും പ്രിൻസിപ്പൽ ഡയറക്ടറുടെ റിപ്പോർട്ടിന്റേയും ബന്ധപ്പെട്ട രേഖകളുടേയും അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചതിൽ കൊച്ചി നഗരസഭയിലേക്ക് സ്ഥലംമാറ്റത്തിനുള്ള ക്യൂലിസ്റ്റിൽ ടിയാനേക്കാൾ അർഹരായ 3 പേർ അവശേഷിക്കുന്നുണ്ട് എന്നതിനാൽ ടി നഗരസഭയിൽ സ്ഥലംമാറ്റം അനുവദിക്കണമെന്ന ടിയാന്റെ ആവശ്യം നിലവിൽ പരിഗണിക്കാനാകില്ലായെന്ന് കാണുന്നു. കൂടാതെ ശ്രീ ഷിബു. പി യുടെ 2024 ലെ ഓൺലൈൻ പൊതുസ്ഥലമാറ്റത്തിലെ അർഹത പരിശോധിച്ച് ഒന്നാം ഓപ്ഷൻ ആയ വൈക്കം നഗരസഭയിലേയ്ക്ക് 27.01.2025 തീയതിയിലെ ഉത്തരവ് പ്രകാരം ടിയാനെ സ്ഥലം

മാറ്റി നിയമിച്ചിട്ടുള്ളതാണ്. ആയതിനാൽ ടിയാൻ പ്രിൻസിപ്പൽ ഡയറക്ടർ മുമ്പാകെ ആവശ്യമുന്നയിച്ചിരുന്നതും, ടിയാന്റെ ഹോം സ്റ്റേഷനും സ്ഥലംമാറ്റത്തിനുള്ള ഒന്നാം ഓപ്ഷനുമായ വൈക്കം നഗരസഭയിലേക്ക് സ്ഥലം മാറ്റം അനുവദിച്ചിട്ടുള്ളതിനാൽ, സൗകര്യപ്രദമായ സ്ഥലംമാറ്റം നൽകണമെന്ന ആവശ്യം അംഗീകരിച്ചിട്ടുള്ളതാണ്. മേൽ സാഹചര്യത്തിൽ കൊച്ചി നഗരസഭയിലേക്ക് സ്ഥലംമാറ്റം ആവശ്യപ്പെട്ട് ടിയാൻ അപേക്ഷ സമർപ്പിക്കുന്ന പക്ഷം ഒഴിവിന്റേയും ടിയാന്റെ അർഹതയുടെയും അടിസ്ഥാനത്തിൽ ആയത് പരിശോധിച്ച് നടപടി സ്വീകരിക്കുന്നതിന് പ്രിൻസിപ്പൽ ഡയറക്ടർക്ക് നിർദ്ദേശം നൽകിക്കൊണ്ട് ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ, ഒ.എ(ഇകെഎം) 1185/2024 നമ്പർ കേസിലെ 07.01.2025 തീയതിയിലെ ഉത്തരവിലെ നിർദ്ദേശം നടപ്പാക്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

MANOJ T

ജോയിന്റ് സെക്രട്ടറി

തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ, തിരുവനന്തപുരം

അഡ്വക്കേറ്റ് ജനറൽ, കേരളം, എറണാകുളം

ശ്രീ ഷിബു.പി., സീനിയർ പബ്ലിക് ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-1, പയ്യന്നൂർ നഗരസഭ (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by

Sonu Jacob

Date: 19-02-2025 10:20:53

സെക്ഷൻ ഓഫീസർ